compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 30
**Tuesday, 30th December 2025**

1201 ധനു 15
**15th Dhanu 1201**

1947 പൌഷം 9
**9th Pousha 1947**

വാല്യം 14
**Vol. XIV**

നമ്പർ
**No.** } **52**

## Part III

# Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ അനിത പി, ഡെപ്യൂട്ടി ഡയറക്ടർ)**

നം. DDPTA/612/2022-C തീയതി:- 18-12-2025

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട തെക്കേപ്പുറം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 176 (ഡി) ആപ്കോസ് - 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം റാന്നി ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:- റാന്നി ക്ഷീരവികസന ഓഫീസറുടെ 31/05/2025 തീയതിയിലെ 322/2025 നമ്പർ വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

റാന്നി ബ്ലോക്കിലെ റാന്നി ഗ്രാമ പഞ്ചായത്തിൽ 22/03/2021 തീയതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രവർത്തനാരംഭ ധനസഹായമായി 61,500/- രൂപ അനുവദിച്ച് നൽകിയതുമായ സംഘമാണ് തെക്കേപ്പുറം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 176 (ഡി) ആപ്കോസ്. സംഘം രജിസ്റ്റർ ചെയ്തിട്ടും പ്രവർത്തനം ആരംഭിച്ചിരുന്നില്ല. 2022 ഒക്ടോബർ 11 തീയതിയിൽ സംഘം പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് സംഘം ഭരണസമിതിക്കു വേണ്ടി പ്രസിഡന്റ് രേഖാമൂലം അറിയിച്ചിരുന്നുവെങ്കിലും സംഘം പാൽ സംഭരണം തുടങ്ങി പ്രവർത്തനം ആരംഭിച്ചിരുന്നില്ല. ആയതിനാൽ പ്രവർത്തനാരംഭ ധനസഹായമായി അനുവദിച്ച 61,500/- രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയുണ്ടായി. ടി സാഹചര്യത്തിൽ സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിന് മുന്നോടിയായി വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റാന്നി ക്ഷീരവികസന ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. പശുപരിപാലനത്തിൽ ഉണ്ടായിരുന്ന കർഷകർ സംഘം രജിസ്റ്റർ ചെയ്തിരുന്ന കോവിഡ് കാലഘട്ടത്തിൽ ആയത് ഉപേക്ഷിച്ചിട്ടുള്ളതിനാൽ പ്രാദേശിക ആവശ്യം കഴിഞ്ഞ് സംഭരിക്കാൻ കഴിയുന്ന പാലിന്റെ അളവ് കുറഞ്ഞിട്ടുള്ളതായും സംഘത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനായി നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഉയർന്ന ശമ്പളം ആവശ്യപ്പെടുന്ന സാഹചര്യത്തിലും പുതിയ സംഘം ലാഭകരമായി പ്രവർത്തിക്കാൻ സാധ്യത ഇല്ലാത്തതാണെന്നും പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969 -ലെ കേരള സഹകരണ സംഘം നിയമം 71 (2) വകുപ്പ് അനുസരിച്ച് സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

തെക്കേപ്പുറം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 176 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം 71 (2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് 1969-ലെ കേരള സഹകരണ നിയമം 72 (1) വകുപ്പനുസരിച്ച് റാന്നി ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ 6 മാസം ആയിരിക്കുന്നതും നിശ്ചിത കാലാവധിയ്ക്കകം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് രേഖാമൂലം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, പത്തനംതിട്ട

(ഒപ്പ്)
**ഡെപ്യൂട്ടി ഡയറക്ടർ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# ക്ലെയിം നോട്ടീസ്

നം.:DESU-MLP0PGDI/124/2025-C തീയതി:26-12-25

പരപ്പനങ്ങാടി ക്ഷീര വികസന ഓഫീസ് പ്രവർത്തന പരിധിയിൽപ്പെട്ട മലപ്പുറം ജില്ലയിൽ തെഞ്ഞിപ്പലം പഞ്ചായത്തിൽ 12,13 വാർഡുകളിലായി അരീപ്പാറ, ചെനക്കലങ്ങാടി, കൊളതോട്, മാതാപുഴ, ഇരുമ്പോതിങ്ങൽ കടവ് പ്രദേശങ്ങൾ ഉൾപ്പെട്ട് ചെനക്കലങ്ങാടി ആസ്ഥാനമായി 1/1/2006 രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തന രഹിതവുമായ ചെനക്കലങ്ങാടി ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം M 204D ആപ്കോസിന്റെ സമാപ്തീകരണത്തിനായി ലിക്യുഡേറ്ററായി മലപ്പുറം ജില്ലാ ഡെപ്യൂട്ടി ഡയറക്റ്ററുടെ 3/5/2025 തിയതിയിലെ DDMPM/101/2022-C ഉത്തരവ് പ്രകാരം പരപ്പനങ്ങാടി ക്ഷീര വികസന യൂണിറ്റിലെ ഡയറി ഫാം ഇൻസ്ട്രക്റ്റർ ആയ ഫാത്തിമ അമൽ കെ. എം നിയമിതയായിട്ടുണ്ട് ടി സാഹചര്യത്തിൽ ടി ക്ഷീര സംഘം സംബന്ധിച്ച് എന്തെങ്കിലും അവകാശവാദങ്ങൾ ബഹുമാനപെട്ട സഹകരികൾക്ക് ഉന്നയിക്കാനുള്ള പക്ഷം അവകാശം തെളിയിക്കുന്ന മതിയായ രേഖകൾ സഹിതം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തിയതി മുതൽ 60 ദിവസത്തിനകം സംഘം ലിക്യുഡേറ്ററെ താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ അറിയിക്കേണ്ടാതാണന്നും അല്ലാത്തപക്ഷം ടി സംഘത്തിന്റെ സമപ്തീകരണ തുടർ നടപടികളുമായി മുന്നോട്ട് പോകുന്നതനെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു

. (ഒപ്പ്)

.

. ലിക്യുഡേറ്റർ

. ഡയറി ഫാം ഇൻസ്ട്രക്റ്റർ

ഫാത്തിമ അമൽ കെ.എം

ഡയറി ഫാം ഇൻസ്ട്രക്റ്റർ

ക്ഷീര വികസന സർവീസ് യൂണിറ്റ്

തിരുരങ്ങാടി- 676306

ഫോൺ നം: 9747724778,

ഇമെയിൽ-deo.pgdi@gmail.com

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.30 04:14:23 +05:30